**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്ന ശ്രീ. ചന്ദ്രൻ. ഇ.പി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത O.A(Ekm) 266/2016 നമ്പർ കേസ്സിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ (എം.എസ്) നം.24/2017/തസ്വഭവ തീയതി,തിരുവനന്തപുരം,25/01/2017

---

പരാമർശം:- 1) O.A 266/2016 നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.02.2016 ലെ ഉത്തരവ്.

2) സ.ഉ (പി) നം. 501/2005/ധന. തീയതി 25.11.2005.

3) സ.ഉ (പി) നം. 61/2010/ധന. തീയതി 09.02.2010.

4) പഞ്ചായത്ത് ഡയറക്ടറുടെ 09.03.2016-ലെ ഇ 9-4398/2016 നം. കത്ത്.

5) സർക്കുലർ നം. 19/2016/ധന. തീയതി 05.03.2016.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്ന ശ്രീ. ചന്ദ്രൻ. ഇ.പി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No. 266/16- ാം നമ്പർ അപേക്ഷയിന്മേൽ പരാമർശം (1) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള 16.02.2016 ലെ ഉത്തരവിൽ, അപേക്ഷകൻ ഒന്നാം കക്ഷിയായ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അനക്സർ എ6 നിവേദനം പരാമർശം (2), (3) ഉത്തരവുകളുടെ വെളിച്ചത്തിൽ പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ പത്ത് വർഷത്തിലധികമായി താൽക്കാലികമായി പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. ചന്ദ്രൻ. ഇ.പി യെ ടി തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാണ് അനക്സർ എ 6 നിവേദനത്തിൽ അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ളത്.

പരാമർശം (4) ലെ കത്ത് പ്രകാരം ശ്രീ. ചന്ദ്രൻ. ഇ.പി-യുടെ നിയമനം ക്രമവൽക്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി. ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 06.06.2005 മുതൽ ദിവസവേതന വ്യവസ്ഥയിൽ ശ്രീ. ചന്ദ്രൻ. ഇ.പി ജോലി ചെയ്തുവരുന്നുവെന്ന് പ്രസ്തുത പ്രൊപ്പോസലിൽ അറിയിച്ചിട്ടുണ്ട്. കൂടാതെ പരാമർശം (2) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടുണ്ട്.

പരാമർശം (2), (3) എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) ലെ സർക്കുലർ പ്രകാരം താൽക്കാലിക സ്വീപ്പർമാരുടെ

ക്രമവത്കരണത്തിനുള്ള പുതിയ പ്രൊപ്പോസൽ 05.03.2016 ന് ശേഷം ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നിരുന്നാലും ശ്രീ. ചന്ദ്രൻ ഇ.പി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A(Ekm) 266/2016 എന്ന കേസിൽ 16.02.2016 ലാണ് വിധി പുറപ്പെടുവിച്ചിരിക്കുന്നത് എന്നതും പ്രസ്തുത വിധിയിൽ അനക്സർ എ6 നിവേദനം പരാമർശം (2), (3) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തീർപ്പാക്കാനാണ് ബഹു. ട്രിബ്യൂണൽ ഉത്തരവിട്ടിരിക്കുന്നത് എന്നത് പരിഗണിച്ചും അപേക്ഷകന്റെ ജീവിത സാഹചര്യങ്ങളും ശാരീരികാവസ്ഥയും പരിഗണിച്ചാൽ 06.06.2005 മുതൽ താൽക്കാലിക അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ. ചന്ദ്രൻ. ഇ.പി യെ ടി തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അർഹതയുണ്ടെന്ന് കാണുന്നു. ആയതിനാൽ കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്ന ശ്രീ. ചന്ദ്രൻ. ഇ.പി യെ ടി തസ്തികയിൽ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിനു പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) 266/2016 മേലുള്ള 16.02.2016-ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

ഗവ. ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, വഞ്ചിയൂർ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
സെക്രട്ടറി, ഉണ്ണികുളം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ശ്രീ. ചന്ദ്രൻ. ഇ.പി, പാർട്ട് ടൈം സ്വീപ്പർ, ഉണ്ണികുളം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
(ഉണ്ണികുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (ഫയൽ നം. 34/ഇപിഎ 2/2016/തസ്വഭവ, ഫയൽ നം. 55/ഇപിഎ 2/2016/തസ്വഭവ, ഫയൽ നം. 131/ഇപിഎ 2/2016/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ